# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM13/2166/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM13/2166/2021 തീയ്യതി: 04/02/2022

## മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 26-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 14-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2021 | 14-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ്സ ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷജീർ.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി. റജ്ജല .വി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീ. മൊയ്തീൻ കുട്ടി .കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജു മോഹൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അജിത് കുമാർ.കെ.എസ്. | സെക്രട്ടറി | 01-04-2020 | 13-01-2021 |
| ശ്രീമതി. ജ്യോതി.എസ്. | സെക്രട്ടറി ഇൻ ചാർജ് | 14-01-2021 | 31-01-2021 |
| ശ്രീ. അജിത് കുമാർ.കെ.എസ്. | സെക്രട്ടറി | 01-02-2021 | 31-03-2021 |
| ശ്രീമതി. ജ്യോതി.എസ്. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ഇബ്രാഹിം മാസ്റ്റർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ. അഹമ്മദ്.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. സൈനബ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 10-11-2020 |
| ശ്രീമതി. അമ്പിളി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2020 | 31-03-2021 |
| ശ്രീ.ഷബീർ.എം.ബി | വി.ഇ.ഒ. | 01-04-2020 | 10-06-2020 |
| ശ്രീമതി.ശരണ്യ | വി.ഇ.ഒ. | 11-06-2020 | 01-10-2020 |
| ശ്രീമതി. റഷീദ | വി.ഇ.ഒ. | 02-10-2020 | 31-10-2021 |
| ശ്രീ. സുജിത്ത് ഗോപിനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 07-08-2020 |
| ശ്രീ. സരീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-08-2020 | 31-03-2021 |
| ഡോ. റംസി മോൾ സാലിം | വെറ്ററിനറി സർജൻ | 01-04-2020 | 04-10-2020 |
| ഡോ. ഫൈസൽ യൂസഫ് | വെറ്ററിനറി സർജൻ | 05-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. സന്ധ്യ.സി.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സജീന.കെ.എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-11 |
| 12 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-12 |
| 13 | റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് തിരിച്ചുകൊടുക്കാത്തത് സംബന്ധിച്ച്<br>Written By: Sujitha.P.K (Auditor, On 15-12-2021)<br>Last Updated By: Sujitha.P.K (Auditor, On 15-12-2021) | 1-13 |
| 14 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 24322 രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 11-12-2021) | 1-14 |
| 15 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-15 |
| 16 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-16 |
| 17 | മഴക്കാല പൂർവ്വ ശുചീകരണ പരിപാടി - ചെലവ് രേഖകൾ, മറ്റ് | 1-17 |

| | | |
|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 11-12-2021) | |
| 18 | MGNREGS പ്രവൃത്തികൾ- ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 36779 രൂപ തിരിച്ചടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-18 |
| 19 | തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-19 |
| 20 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകത<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Rishil.P (Audit Officer, On 15-12-2021) | 1-20 |
| 21 | വിദ്യാലയങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത് പ്രവരത്തനക്ഷമമായിട്ടില്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-21 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Rishil.P (Audit Officer, On 15-12-2021) | 1-22 |
| 23 | പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഇല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-23 |
| 24 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-24 |
| 25 | ആരോഗ്യ ജാഗ്രതാ പ്രവർത്തനം - ചെലവ് രേഖകൾ ലഭ്യമല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-25 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ - അാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-26 |
| 27 | ബിൽ പ്രകാരമുള്ള സാധനങ്ങൾ മുഴുവൻ വിതരണം ചെയ്തില്ല<br>Written By: Shajeer.K (Senior Grade Auditor, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത-കരാറുകാരന് അധികം നൽകിയത് 22300 രൂപ<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 04-02-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 13-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 29-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)-21.3.20 | 1(1)-22.2.21 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 29.7.2021 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30544471 |
| വരവ് | 75294546 |
| ആകെ | 105839017 |
| ചെലവ് | 94442927 |
| നീക്കിയിരിപ്പ് | 11396090 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15123685 | 15123685 | 14465778 | 657907 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9835187 | 9835187 | 9751727 | 83460 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5768000 | 5768000 | 5768000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4201074 | 4201074 | 4165733 | 35341 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 9666001 | 9666001 | 7669598 | 1996403 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 5770000 | 5770000 | 510726 | 5259274 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 326 | 110429376 | 227 | 55733066 | 60 | 39 | 69.63 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 75423 | 1029023 | 1783254 | 1781690 | 1564 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18138765 | 18138765 | 18138765 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.(ക്ഷേമ പദ്ധതികളുടെ കണക്ക് 2020-21 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3193600 | 246 |
| വിധവാപെൻഷൻ | 20458400 | 1228 |
| വാർദ്ധക്യകാലപെൻഷൻ | 32866100 | 2436 |
| വികലാംഗപെൻഷൻ | 5168300 | 361 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1401800 | 89 |
| വിവാഹ ധനസഹായം | 300000 | 4 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.21ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48779 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ ഉണ്ട്. പ്രത്യേകിച്ച് ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓഡിറ്റ് വേളയിൽ ഫയലുകളും രജിസ്റ്ററുകളും യഥാസമയങ്ങളിൽ ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു. ലഭിച്ച രജിസ്റ്ററുകൾ പലതും അപൂർണ്ണമായതാണ്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. അടിസ്ഥാനപരമായി പരിപാലിക്കേണ്ടതും ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്നതുമായ മാസ്റ്റർ ഇംകുംബൻസി രജിസ്റ്റർ പോലും പരിപാലിച്ചിട്ടില്ല. വിവിധ എജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി 13.50 ലക്ഷം രൂപയിലധികം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി

പൂർത്തീകരിച്ചതിന്റെ രേഖകൾ എജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്ക് വേണ്ടി പേമെന്റ് നടത്തുന്നതോടെ പ്രോജക്ടുകൾ തീരുന്ന അവസ്ഥയാണ് കാണുന്നത്. പ്രോജക്ടുകളിൽ മേൽ തുടർമോണിറ്ററിംഗ് നടക്കുന്നില്ല. അതുകൊണ്ട് തന്നെ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പോലുള്ള പദ്ധതികൾ നിലവിലും പ്രവർത്തനക്ഷമമായിട്ടില്ല. സെക്രട്ടറി നിർവഹണം നടത്തിയ ഏതാനും പദ്ധതികളുടെ ചെലവിന്റെ രേഖകൾ പരിശോധക്ക് ഹാജരാക്കിയിട്ടില്ല (പ്രത്യേക ഖണ്ഡിക പരാമർശിച്ചിട്ടുണ്ട്.). തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവഹിക്കപ്പെടുമ്പോൾ കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കുന്നില്ല. കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നുണ്ട്. ഇത്തരം നടപടികളിൽമേൽ ഗ്രാമ പഞ്ചായത്തിന് കെ.എസ്.ഇ.ബി. യിൽ നിന്നും നോട്ടീസ് വന്നിട്ടുണ്ട്. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിലും അപാകതകൾ വന്നിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾക്ക് അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2021 | 8/2021 | 21.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.12.2012 | 2010-2015 | 16.01.2021,05.02.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. 2020-21 AFS (B7 ) പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 450338 ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

3. 2020-21 വർഷത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ താഴെ പറയും പ്രകാരം ചെലവുണ്ടെങ്കിലും ആയത് AFS(I-14(d) ൽ ഉൾപ്പെടുത്തിയിട്ടില്ല.വിശദ വിവരം ചുവടെ:

| പെൻഷൻ | Statement പ്രകാരം ചെലവ് |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 32866100 |
| വിഗലാംഗ പെൻഷൻ | 5168300 |
| വിധവാ പെൻഷൻ | 20458400 |
| കാർഷിക പെൻഷൻ | 3193600 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1401800 |

4. ലൈഫ് ഭവന പദ്ധതി ലോൺ - അടവാക്കാൻ അവശേഷിക്കുന്ന തുക B-5 പ്രകാരം 4693268 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. AFS B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|
| 1 | TSC | 743696 | 3098944 |
| 2 | Literacy | 1568 | 1631 |

7. AFS (RP-5) പ്രകാരം Sale &Hire Charge ഇനത്തിൽ ഇനത്തിൽ 180439 രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലം രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. B-4 പ്രകാരമുള്ള ശുചിത്വ മിഷൻ ഗ്രാന്റിന് (606784), ICDS(1837370) എന്നിവക്ക് പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

9. ചെലവ് പത്രിക പ്രകാരം Joint Venture Block Share 3936902 രൂപയാണ്. എന്നാൽ ആയത് AFS (RP-7) പ്രകാരം 3814210 രൂപയാണ്. (വ്യത്യാസം: 122692)

10. B-11പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകൾ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

11. ഡി&ഒ രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല.

12. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല.

13. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

14. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.
15. പ്രോജക്ട് നം. 14/2020-21 (122692 - Block Share) AFS ൽ വരവ് വെച്ചിട്ടില്ല.
16. ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം (KSEB, KWA) AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2020-21സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇരിമ്പിളിയം സർവീസ് സഹകരണ ബാങ്ക് | I & II |
| 2 | ഭാരതീയ വിദ്യാഭവൻ | I & II |
| 3 | വലിയകുന്ന് മെഡികെയർ | I & II |
| 4 | സിറ്റി ഫിനാൻസ് | I & II |
| 5 | M/S പെരിങ്ങാട്ടുതൊടിയിൽ ഹെർബൽ | I & II |
| 6 | മജ് ലിസ് ആർട്സ് & സയൻസ് കോളേജ് | I & II |
| 7 | ദി ആര്യ വൈദ്യ ഫാർമസി കൊയമ്പത്തൂർ ലിമിറ്റഡ് | I & II |
| 8 | പ്രധാൻ മന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം | I & II |

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇരിമ്പിളിയം സർവീസ് സഹകരണ ബാങ്ക് | II |
| 2 | ഭാരതീയ വിദ്യാഭവൻ | I & II |
| 3 | വി.പി.എ.യു.പി.സ്കൂൾ,വെണ്ടല്ലൂർ | II |
| 4 | M/S പെരിങ്ങാട്ടുതൊടിയിൽ ഹെർബൽ | II |
| 5 | ബി.എസ്.എൻ.എൽ | I & II |
| 6 | കെ.റ്റി.ജെ പെട്രോളിയം | I & II |
| 7 | പ്രീമിയർ ലബോറട്ടറി | I & II |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/04.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിവിവരം അറിയിക്കേണ്ടതാണ്.

## 1-13 റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് തിരിച്ചുകൊടുക്കാത്തത് സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തിൽ റോഡ് കട്ടിംഗ് ഡെപ്പോസിറ്റിനത്തിൽ 26000/-രൂപ (Rs.25000,Rt.no-118120104543+Rs.1000/-118120100690) വാർഷിക കണക്കിൽ വന്നിട്ടുണ്ട്. പ്രസ്തുത തുക 2020-21 സാമ്പത്തിക വർഷത്തിലും ഡെപ്പോസിറ്റിനത്തിൽ ബാധ്യതയായി നിലനിൽക്കുന്നുണ്ട്. ഈ തുക ഏത് പ്രവർത്തിക്കു വേണ്ടി വാങ്ങിയതാണെന്നും പ്രസ്തുത തുക തിരിച്ചുകൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റിനത്തിൽ ബാധ്യതയായി നിലനിൽക്കുന്ന തുക തിരിച്ചു കൊടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-14 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 24322 രൂപ തിരിച്ചടവാക്കി.

1.മങ്കേരി GLPസ്കൂൾ പൊതു ടോയ്‌ലറ്റ് നിർമ്മാണം (215/21) – 11619രൂപ കൺവീനർക്ക് അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മങ്കേരി GLPസ്കൂൾ പൊതു ടോയ്‌ലറ്റ് നിർമ്മാണം (215/21)പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/20-21/3.12.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ 11619 രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കി.

| പ്രവൃത്തി | ഈടാക്കേണ്ട തുക 5% | രസീത് |
|---|---|---|

| | | |
|---|---|---|
| മങ്കേരി GLPസ്കൂൾ പൊതു ടോയ്‌ലറ്റ് നിർമ്മാണം (215/21)<br>ബിൽ 57/8.7.20 തുക232389<br>കൺവീനർ ശ്രീമതി അംബിക പൊറ്റക്കാട് | 11619 | 121020103337/8.12.21 |

2. RR മേസനറി - അധിക നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി RR മേസനറിപ്രവൃത്തി ചെയ്യതിന് 5197.64/ നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്.
ഓഡിറ്റ് എൻക്വയറി 11/2020-21 /7.12.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക ഗ്രാമ പഞ്ചായത്തിൽഅടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് |
|---|---|---|
| സൈഡ് പ്രൊട്ടക്ഷൻ ആല്ലുംകൂട്ടം എസ്.സി.കോളനി (236/21)<br>ബിൽ 4/20.4.2020 തുക 195769<br>കോൺട്രാക്ടർ ശ്രീ.സി.പി.മുസ്ഥഫ | 3255 | 121020103320/8.12.21 |
| വലിയതോട് സൈഡ് കെട്ടൽ (319/21)<br>ബിൽ 48/25.5.2020 തുക 215779<br>കോൺട്രാക്ടർ ശ്രീ.മനോമോഹനൻ | 3935 | 121020103336/8.12.21 |

3. ചെനക്കപ്പറമ്പ് റോഡ് മെയിന്റനൻസ് - അധിക തുക നൽകി

ചെനക്കപ്പറമ്പ് റോഡ് മെയിന്റനൻസ് (118/21) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഓരോ ഇനത്തിനും 20% നിരക്കിൻ ഓവർഹെഡ് ചാർജ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 'മോർഡ് ' സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ്. അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 10% ഓവർഹെഡ് ചാർജ് ആണ് അനുവദനീയമായിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 10 /20-21/7.12.2021 നൽകിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽഅടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് |
|---|---|---|
| ചെനക്കപ്പറമ്പ് റോഡ് മെയിന്റനൻസ് (118/21)<br>കരാർ 64/16.6.2020<br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ<br>ബിൽ. 137/24.3.2021 തുക 197531 | 5513 | 121020103340/8.12.21 |

## 1-15 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2020-21 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| | CMLLRRP പദ്ധതികൾ | | | | |

| | | | | | |
|---|---|---|---|---|---|
| 1 | കോട്ടപ്പുറം സ്കൂൾപടി വള്ളുവൻകോട്ട് പടി റോഡ് | 600000 | 2പേർ | 1200 | 2400 |
| 2 | കാരാപറമ്പ് കുടിവെള്ള പദ്ധതി | 2600000 | 2പേർ | 2500 | 5000 |
| 3 | കൊട്ടാരം മാത്തിൽപടി റോഡ് | 2000000 | 3 പേർ | 2500 | 7500 |
| 4 | ശുചിത്വ ഗ്രാമം എന്റെ ഗ്രാമം - മണ്ണാർതോട് വലിയ തോട് സംരക്ഷണം | 4300000 | 2പേർ | 2500 | 5000 |
| 5 | പോക്കാട്ട്കുഴി തിരുവേഗപ്പുറ കുഴി കോൺക്രീറ്റ് | 600000 | 2പേർ | 1200 | 2400 |
| 6 | പുറമണ്ണൂർ തങ്ങൾപടി വീട് | 1500000 | 2പേർ | 2500 | 5000 |
| 7 | വെണ്ടല്ലൂർ ആലിക്കൽപടി പൈങ്കണ്ണൂർ റോഡ് | 3999000 | 2പേർ | 2500 | 5000 |
| 8 | ഗാന്ധിബസാർ മലഞ്ചുഴി റോഡ് | 1000000 | 2പേർ | 2000 | 4000 |
| 9 | മങ്കേരി ആശാരിപടി കമ്മാലിപ്പടി റോഡ് | 1000000 | 3 പേർ | 2000 | 6000 |
| | ആകെ | | | | 42300 |

ഓഡിറ്റ് എൻക്വയറി 16 /19-20/9.12.2021 നൽകിയതിന് – ടെണ്ടർ ഫോം വില തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ടെണ്ടർ ഫോം വില തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 926400 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ മുഴുവൻ ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ/ചെക്ക് നമ്പർ | തുക | ലഭ്യമായ മരുന്നുകൾ | ബാക്കി |
|---|---|---|---|---|
| പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (53/21) | 20150852036800896886/6.1.21 | 700000 | 492341 | 207659 |
| പരിരക്ഷ പെയിൻ &പാലിയേറ്റീവ് (48/21) | 20150852036801159512/26.2.21 | 226400 | 49939 | 176461 |

ഓഡിറ്റ് എൻക്വയറി 9/20-21/7.12.2021 നൽകിയതിന് ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-17 മഴക്കാല പൂർവ്വ ശുചീകരണ പരിപാടി - ചെലവ് രേഖകൾ, മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മഴക്കാല പൂർവ്വ ശുചീകരണ പരിപാടിയുടെ ഭാഗമായി ചുവടെ കാണിച്ച പ്രകാരം 170000 രൂപ മെഡിക്കൽ ഓഫീസർക്ക് .നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് വിവരം അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക |
|---|---|
| 21985 /6.5.2020 | 170000 |

ഓഡിറ്റ് എൻക്വയറി 18/20-21/9.12.2021 നൽകിയതിന് മറുപടി ല്യമാക്കിയിട്ടില്ലാത്തതിനാൽ 170000 രൂപയുടെ ചെലവ്

തടസ്സം ചെയ്യുന്നു.

## 1-18 MGNREGS പ്രവൃത്തികൾ- ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 36779 രൂപ തിരിച്ചടവാക്കി

1. MGNREGS പദ്ധതിയിൽ ഉൾപെടുത്തി ശ്രീമതി കാളിക്കുട്ടി കുറ്റിക്കുന്നിൽ എന്ന ഗുണഭോക്താവിന് തൊഴുത്ത് നിർമ്മിച്ച് നൽകിയ പ്രവൃത്തിയിൽ യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകിയത് വഴി 32540 രൂപയുടെ അധിക ചെലവുണ്ടായി. ഗ്രാമ പഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രസ്തുത പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോഴാണ് ഇക്കാര്യം വ്യക്തമായത്.
ഓഡിറ്റ് എൻക്വയറി 20 /20-21/13.12.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 121020103417/14.12.2021 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി. പ്രസ്തുത തുക തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാങ്കേതികാനുമതി. IBM/mgnregs/2/19-20 Dt 2.7.2017 തുക 69000

| ഇനം | യഥാർത്ഥ അളവ് | അളവ് പുസ്തക്കിലെ അളവ് | അധികം നൽകിയ തുക |
|---|---|---|---|
| ഇനം 5 സെന്ററിങ് & ഷട്ടറിങ് | പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല | 2.5080m2 | 491.13 |
| ഇനം 6 സിമന്റ് കോൺക്രീറ്റ് | $0.9143m^3$ | $2.3730m^3$ | 8643.53<br>$1.4587m^3$*@$5925.465/m^3$ |
| ഇനം 7 സോളിഡ് ബ്ലോക്ക് മോസനറി | $1.6038m^3$ | $4.32m^3$ | 13903.55<br>@$5118.751/m^3$<br>$2.7162m^3$ |
| ഇനം 10 പ്ലാസ്റ്ററിങ് | പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല | $50.68m^2$ | 9501.73<br>@$187.485/m^3$ |
| ആകെ | | | 32539.94 |

കുറിപ്പ്. ശ്രീമതി രാധ കൊഞ്ചത്ത്, ശ്രീ. ഗോപാലകൃഷണൻ എന്നീ ഗുണഭോക്താക്കളുടെ തൊഴുത്ത് നിർമ്മാണവും നേരിൽ പരിശോധിച്ചു. പ്രസ്തുത ഗുണഭോക്താക്കളുടെ തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും യഥാർത്ഥ അളവുകൾ തമ്മിലും പൊരുത്തക്കേടുകൾ ഉണ്ട്. നാമമാത്ര തുകയാണ് അധികമായി നൽകിയത് എന്നതിനാൽ പ്രത്യേകം പരാമർശിക്കുന്നില്ല. 3 പ്രവൃത്തികൾ മാത്രമാണ് നേരിൽ പരിശോധിച്ചിട്ടുള്ളത്. 3 പ്രവൃത്തികളിലും അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് കാലയളവിലെ മുഴവൻ പ്രവൃത്തികളും നേരിൽ പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പ് വരുത്താൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

2.MGNREGS പ്രവൃത്തികൾ- സിമന്റ് കോൺക്രീറ്റിങ്ങിന് അധിക തുക നൽകി

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കുന്ന്യാർപാടം (കായൽകുണ്ട് ) തോടിന്റെ സൈഡ് കെട്ടൽ എന്ന പ്രവൃത്തിയുടെ ഇനം 6 ആയി കരിങ്കൽകെട്ടിന്റെ മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്തതിന് $2.928m^3$ ന് തുക നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തത് $2.223m^3$ മാത്രമാണ്.

ഓഡിറ്റ് എൻക്വയറി 19 /20-21/13.12.2021നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 121020103418/14.12.2021 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി. പ്രസ്തുത തുക തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാങ്കേതികാനുമതി. IBM/mgnregs/15/18-19 Dt 5.3.2019 തുക 200000

| യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| 11.80*.076*.10=0.8968<br>9.50*0.76*0.1= 0.722<br>5*0.76*0.10= 0.38<br>2.98*0.76*0.1=0.226<br>ആകെ 2.224$m^3$ | 17628.63<br>@6020.71/$m^3$<br>2.928$m^3$ | 13390.05<br>2.224$m^3$<br>@6020.71/$m^3$ | 4238.58 |

## 1-19 തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - SO296/21

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

അടങ്കൽ - 1,30,000

ചെലവ് - 1,30,000

ബിൽ നമ്പർ - 173/3.12.20 – 1,30,000

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള തെരുവ് വിളക്കുകളുടെ (25 Wats LED Bulb) അറ്റകുറ്റ പണികൾ ചെയ്ത് പ്രകാശിപ്പിക്കുന്നതിന് അബ്ദുൾ റഷീദ്, ഇലക്ട്രിക്കൽ കോൺട്രാക്റ്റർ, വളാഞ്ചേരി എന്ന കരാറുകാരന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന് ടിയാന് 1,30,000 രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരന്റെ കത്ത് (തിയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം റിപ്പയർ ചെയ്യാൻ സാധിക്കാത്ത 60 എണ്ണം തെരുവ് വിളക്കുകൾ (25W) മാറ്റി സ്ഥാപിക്കുകയും 90 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തതായി കാണിച്ചിട്ടുണ്ട്. ആയതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

LED Street Light 60 Nos (New) – 99000

Labour Charge (90 Nos) - 31000

Total - 1,30,000

കരാറുകാരന് കരാർ നൽകിയിരിക്കുന്നത് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ ചെയ്ത് പ്രകാശിപ്പിക്കുന്നതിനാണ്. പുതിയത് സ്ഥാപിക്കുന്നതിന് കരാർ നൽകിയിട്ടില്ല. പുതിയത് വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കേണ്ടതായിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

2. വിവിധ വാർഡുകളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെയും അറ്റകുറ്റ പണികൾ നടത്തിയ തെരുവ് വിളക്കുകളുടെയും എണ്ണം വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം താഴെ പറയുന്നു.

| വാർഡ് | പുതിയത് സ്ഥാപിച്ചത് (25W) | അറ്റകുറ്റപണി നടത്തിയത് |
|---|---|---|
| 1 | 3 | 0 |
| 2 | 4 | 3 |
| 3 | 3 | 4 |
| 4 | 3 | 4 |
| 5 | 3 | 4 |
| 6 | 3 | 4 |

| | | |
|---|---|---|
| 7 | 4 | 4 |
| 8 | 3 | 1 |
| 9 | 3 | 4 |
| 10 | 3 | 4 |
| 11 | 3 | 4 |
| 12 | 3 | 2 |
| 13 | 3 | 2 |
| 14 | 3 | 2 |
| 15 | 4 | 4 |
| 16 | 3 | 4 |
| 17 | 3 | 4 |
| ആകെ | 54 | 54 |

ഇത് പ്രകാരം കരാറുകാരന് അധികം നൽകിയ തുക

പുതിയത് സ്ഥാപിച്ചത് പ്രകാരം 6 തെരുവ് വിളക്കുകളുടെ വില അധികം നൽകി

6 X 1650 = 9900

അറ്റകുറ്റപണി നടത്തിയത് പ്രകാരം 36 തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് ചാർജ് അധികം നൽകി

36 (90-54) X 344.44 (31000/90) = 12400

ആകെ അധികം നൽകിയത് = 22300

3. വിവിധ വാർഡുകളിൽ അറ്റകുറ്റപണി നടത്താനുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം LED ബൾബുകളായി കാണിച്ചിട്ടുള്ളത് 206 എണ്ണമാണ്. എന്നാൽ ഇത് എത്രയൊക്കെ വാട്ട്സിന്റെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. പുതിയ തെരുവ് വിളക്കുകൾ 60 എണ്ണം സ്ഥാപിച്ചതിൽ പോസ്റ്റിൽ നിലവിൽ ഉണ്ടായിരുന്ന 60 എണ്ണം ഗ്രാമ പഞ്ചായത്തിൽ കൊണ്ട് വന്ന് കേടായ തെരുവ് വിളക്കുകൾ ' രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമല്ല. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവ്).

5. 26.2.20 ന് ടെണ്ടർ ചെയ്ത പ്രവൃത്തി 22.6.20 ന് റീടെണ്ടർ ചെയ്തതിട്ടുണ്ട്. റീടെണ്ടർ ചെയ്യേണ്ടി വന്ന സാഹചര്യം വ്യക്തമല്ല.

6. പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറിൽ കരാർ നമ്പർ / തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. കേടുവന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്ന പരാതി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

8. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കാണിക്കുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ സർവീസ് വാറന്റി കാലയളവ് കാണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 4 / 7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ അധികം നൽകിയ തുക 22300 രൂപ നിരാകരിക്കുന്നു . അപാകതകളുടെ വെളിച്ചത്തിൽ ബാക്കി ചെലവു തുക 107700 രൂപ തടസ്സം ചെയ്യുന്നു.

## 1-20 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - SO292/21

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

ബിൽ നമ്പർ - 73/28.4.20 – 1,96,000

കരാർ - 16/19-20/28.1.20

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 125 തെരുവ് വിളക്കുകൾ (18 Wats LED DOM Light-Normal) സ്ഥാപിച്ചതിന് Solenergees, Calicut എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം 1,96,000 രൂപ അനുവദിച്ചിട്ടുണ്ട്. ഒരു തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 1600 രൂപയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ നിന്നും ടെണ്ടറിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ കാണുന്നില്ല. സിംഗിൾ ടെണ്ടർ ആണ് ലഭിച്ചതെങ്കിൽ റീടെണ്ടർ ചെയ്യേണ്ടതായിരുന്നു.

2.സ്ഥാപനത്തിന്റെ ബിൽ പ്രകാരം 2,00,000 രൂപയാണ് (125x1600). എന്നാൽ ആദായനികുതി 2% കുറച്ച് 196000 രൂപയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല മൂല്യനിർണ്ണയതുകയുടെ 2% ആദായനികുതി 4000 രൂപ (ആദായ നികുതി നിയമം വകുപ്പ് 194 (C) പ്രകാരം ) ആദായനികുതി വകുപ്പിലേക്കും 196000 രൂപ സ്ഥാപനത്തിലേക്കും നൽകേണ്ടതായിരുന്നു.

3. 125 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചത് എന്ന് കാണിച്ചുകൊണ്ടുള്ള അതാത് വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമല്ല.

4.നിരതദ്രവ്യം (1000 രൂപ) ടെണ്ടർ ഫോം വില (200+12%GST) എന്നിവ ഈടാക്കുന്നതിൽ നിന്നും Solenergees, Calicut എന്ന സ്ഥാപനത്തിന് ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ MSME രജിസ്ട്രേഷൻ മാത്രമാണ് സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്. നിരതദ്രവ്യം ടെണ്ടർ ഫോം വില എന്നിവ ഈടാക്കുന്നതിൽ നിന്നും ഇളവ് ലഭിക്കണമെങ്കിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അഫിഡവിറ്റ് ഫയൽ ചെയ്തതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്.

5. പരാതി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് 18 മാസത്തെ വാറന്റി നൽകിയിട്ടുണ്ട്. ഇതിന്റെ ഗുണം ലഭിക്കണമെങ്കിൽ നിർബന്ധമായും പരാതി രജിസ്റ്റർ പരിപാലിക്കേണ്ടതുണ്ട്.

6. 125 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചപ്പോൾ പോസ്റ്റുകളിലെ പഴയ തെരുവ് വിളക്കുകൾ എന്ത് ചെയ്തു എന്ന വിവരം ഇല്ല. കേടായ തെരുവ് വിളക്കുകൾ ' രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ് (പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവ്).

7. കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 3 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 196000 രൂപ തടസ്സം ചെയ്യുന്നു

## 1-21 വിദ്യാലയങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത് പ്രവരത്തനക്ഷമമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - SO217/21 (SO214/20) (SO160/19)

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)-3,60,000

ശുചിത്വമിഷൻ - 6,00,000

ബിൽ നമ്പർ - 24/26.2.20 - 1,92,000 (CFC)

2/11.4.20 - 1,54,400 (CFC)

021987/6.11.20 – 4,91,600 (ശുചിത്വമിഷൻ)

272/26.2.21 – 13,,600 (CFC)

അടങ്കൽ - 9,60,000 (TS No.674/C1/2014/sm തി.8.3.19)

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് വച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് 28.5.19 ന് കരാർ (നമ്പർ ഇല്ല) വച്ച് IRTC-PIU (Project Implementation Unit) യെ ചുമതലപ്പെടുത്തി. 50 Kg ശേഷിയുള്ള Fixed DOM Type ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിക്കുന്നത്. ഒരു പ്ലാന്റിന് 2,40,000 രൂപ വില വരുന്നു.

GUPS, മങ്കേരി

AMUPS,ഇരിമ്പിളിയം

VPAUPS,വെണ്ടല്ലൂർ

AMUPS, പുറമണ്ണൂർ

കരാർ പ്രകാരം മൊത്തം അടങ്കൽ തുകയുടെ 5 ഗഡുക്കളായി പേമെന്റ് അനുവദിക്കണം. അടങ്കൽ തുകയുടെ 20% മുൻകൂർ ആയി നൽകുന്നു ആയതിന്റെ 90% പൂർത്തീകരിക്കുന്ന മുറക്ക് അടുത്ത ഗഡു 20% നൽകുന്നു. പദ്ധതി പൂർത്തീകരണത്തന് വേണ്ടി മുൻകൂറും ഗഡുക്കളും കൈപ്പറ്റിയതിന് ശേഷം പരമാവധി 6 മാസത്തെ സമയപരിധി IRTC ക്ക് അനുവദിക്കും. ഓരോ തവണയും തുക വാങ്ങിക്കഴിഞ്ഞാൽ വിനിയോഗ സാക്ഷ്യ പത്രം അനുവദിക്കുന്ന മുറക്ക് അടുത്ത ഗഡു അനുവദിക്കും. നാളിത് വരെ 8,51,600 രൂപ IRTC ക്ക് അനുവദിച്ചിട്ടുണ്ട്. IRTC യുടെ 23.2.21 ലെ IRTC-PIU/1191/20 നമ്പർ കത്ത് പ്രകാരം മേൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്ലാന്റുകളിൽ ചാണകം നിറച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പ്രവൃത്തി നടത്താനുണ്ട്. എന്നാൽ കോവിഡ് 19 പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്ലാന്റുകളിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനോ പരിപാലിക്കുന്നതിനോ കഴിയില്ലെന്നും അതിനാൽ സ്കൂളുകൾ തുറക്കുന്നമുറക്ക് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി നൽകിയാൽ മതിയെന്നാണ് സ്കൂൾ അധികൃതർ അറിയിച്ചത്. ഇതിന്റെയടിസ്ഥാനത്തിൽ സ്കൂളുകൾ തുറക്കുന്നമുറക്ക് പ്ലാന്റുകളിൽ ചാണകം നിറച്ച് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി നൽകുന്നതാണെന്ന് അറിയിക്കുന്നു. ഇതുവരെ 8,38,000 രൂപ ലഭിച്ചിട്ടുണ്ടെന്നും പദ്ധതി തുകയിൽ അനുവദിക്കാൻ ബാക്കിയുള്ള 1,22,000 രൂപ അനുവദിക്കണമെന്നും (9,60,000-8,38,000) ആവശ്യപ്പെട്ടിട്ടുണ്ട്. കത്ത് അയച്ചതിന് ശേഷം 13600 രൂപ കൂടി സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

നിലവിൽ സ്കൂൾ തുറന്ന സാഹചര്യത്തിൽ മേൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമായിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രവൃത്തി | തുക | ബിൽ / ചെക്ക് | റിമാർക്സ് |
|---|---|---|---|
| പുളിയംകുന്ന് എസ്.സി.കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>പ്രോജക്റ്റ് - SO248/21<br>ഫണ്ട് - പ്ലാൻ (SCP) | 2,00,000 | 34/11.4.20 | എക്സി.എഞ്ചിനീയർ<br>PH Division<br>KWA,എടപ്പാൾ |
| അനുബന്ധ സ്ഥാപനങ്ങളിലേക്ക് (കൃഷി ഭവൻ, അംഗനവാടികൾ) പൈപ്പ് ലൈൻ നീട്ടൽ<br>പ്രോജക്റ്റ് - 145/20<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 58,296 | 56/11.4.20 | എക്സി.എഞ്ചിനീയർ<br>PH Division<br>KWA,എടപ്പാൾ |
| സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേക ലൈൻ വലിക്കൽ<br>പ്രോജക്റ്റ് - SO208/21<br>ഫണ്ട് - തനത് ഫണ്ട് | 3,00,000 | XY1973241/10.3.21 | അസി.എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സെക്ഷൻ<br>KSEB,വളാഞ്ചേരി |
| SSA വിഹിതം നൽകിയത് | 6,00,000 | 84/28.5.20 | ജില്ലാ പ്രോജക്റ്റ് |

| | | | |
|---|---|---|---|
| പ്രോജക്റ്റ് - S0008/21<br>ഫണ്ട് - പ്ലാൻ (G) | | | ഓഫീസർ<br>മലപ്പുറം |
| SSA വിഹിതം നൽകിയത്<br>പ്രോജക്റ്റ് - S0009/21<br>ഫണ്ട് - പ്ലാൻ (SCP) | 2,00,000 | 85/28.5.20 | ജില്ലാ പ്രോജക്റ്റ് ഓഫീസർ<br>മലപ്പുറം |
| ആകെ | 13,58,296 | | |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 6 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഇല്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

| ക്രമ നം. | പ്രവൃത്തി | തുക | ബിൽ / ചെക്ക് | റിമാർക്സ് |
|---|---|---|---|---|
| 1. | പഞ്ചായത്ത് ഓഫീസിൽ എർത്തിംഗ്<br>പ്രോജക്റ്റ് - S0283/20<br>ഫണ്ട് - തനത് ഫണ്ട് | 27,774 | XY1973221/6.11.20 | Life<br>Electrical Works,Kuttippla എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏൽപിച്ചു. പ്രവൃത്തി പൂർത്തീകരണ വിവരം ഇല്ല. |
| 2. | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾക്ക് AMC അടവാക്കൽ<br>പ്രോജക്റ്റ് - S0023/21<br>ഫണ്ട് - തനത് ഫണ്ട് | 21,240 | 013391/19.2.21 | Maksys, Calicut എന്ന സ്ഥാപനത്തിന് തുക അനുവദിച്ചു.<br>രസീത്, കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 3. | IKM ന് തുക അടവാക്കിയത്<br>പ്രോജക്റ്റ് - S0007/21<br>ഫണ്ട് - പ്ലാൻ (G) | 1,00,939 | 83/28.5.20 | രസീത്, കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| | ആകെ | 1,49,953 | | |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-24 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ

തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഏതാനും പോസ്റ്റുകളുടെ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതി നൽകിയ വ്യക്തിയുടെ പേര്, തിയതി, പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

2. ലേല രജിസ്റ്റർ

ലേല രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

3. ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ഡിജിറ്റലൈസ് ചെയ്തു വക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

5. ഗ്രാമ പഞ്ചായത്തിലെ വിവിധ ഓഡിറ്റുകളുടെ ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ.

വിവിധ ഓഡിറ്റുകളുടെ ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ തീർപ്പാക്കാൻ ബാക്കിയുള്ള തടസ്സങ്ങളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

6. ലോൺ രജിസ്റ്റർ

ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി വായ്പ എടുത്തിട്ടുണ്ടെങ്കിലും എടുത്ത വായ്പ തുക, തിരിച്ചടവ് വിവരം , ബാക്കി അടക്കേണ്ട തുക എന്നിവ കാണിച്ച് ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

7.വൈദ്യുതി ചാർജ് രജീസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ

വൈദ്യുതി ചാർജ് രജീസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8.ഹാർഡ് വെയർ മെയ്ന്റനൻസ് രജിസ്റ്റർ

ഹാർഡ് വെയർ മെയ്ന്റനൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

9.മാസ്റ്റർ ഇങ്കുമ്പൻസി രജിസ്റ്റർ

ജീവനക്കാരുടെ പേര്,മേൽവിലാസം, ജോലി ചെയ്ത കാലയളവ് എന്നിവ ഉൾപ്പെടുത്തി മാസ്റ്റർ ഇങ്കുമ്പൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

11.അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്റർ

മെഡിക്കൽ ഓഫീസർ (ഹോമിയോ)

TR 7A കാഷ് ബുക്കിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകുന്ന തുകകളുടെ വിവരം ഉൾപ്പെടുത്തുന്നില്ല.

പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുവർവേദം)

TR 7A കാഷ് ബുക്കിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകുന്ന തുകകളുടെ വിവരം ഉൾപ്പെടുത്തുന്നില്ല.

ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററുകളുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-25 ആരോഗ്യ ജാഗ്രതാ പ്രവർത്തനം - ചെലവ് രേഖകൾ ലഭ്യമല്ല

ചെക്ക് നമ്പർ - 013032/14.7.20

ഫണ്ട് - തനത് ഫണ്ട്

ആരോഗ്യ ജാഗ്രതാ പ്രവർത്തനത്തിന് വേണ്ടി തനത് ഫണ്ടിൽ നിന്നും 85000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു വാർഡിന് 5000 രൂപ വീതം 17 വാർഡുകൾക്കാണ് അനുവദിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർക്ക് (അലോപ്പതി) തുക അനുവദിച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും മെഡിക്കൽ ഓഫീസർ കൈപ്പറ്റിയതായി കാണുന്നില്ല. മേൽ തുകയുടെ ചെലവ് സംബന്ധിച്ച അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 22 /14.12.21) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 85000 രൂപ തടസ്സം ചെയ്യുന്നു.

## 1-26 പൊതുമരാമത്ത് പ്രവൃത്തികൾ - അാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ.

GO(P) 177/2006 തീയ്യതി 12.4.2006 ഉത്തരവ് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR7A മാതൃകയിൽ ഒരു കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളവും മറ്റ് സാമ്പത്തിക ഇടപാടുകളും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകളും ഉൾപ്പെടെ എല്ലാ വരവ് ചെലവ് കണക്കുകളും ഈ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന തുകകളുടെ വരവ് ചെലവ് മാത്രം രേഖപ്പെടുത്താൻ പ്രത്യേകമായി ഒരു സബ്സീഡിയറി കാഷ് ബുക്കും തയ്യാറാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ TR7A മാതൃകയിൽ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ കാഷ് ബുക്കിൽ ഏത് തീയ്യതിയിലാണ് പണമിടപാടുകൾ നടന്നതെന്ന് രേഖപ്പെടുത്തുന്നുമില്ല. പണമിടപാടുകൾ ഇല്ലാത്ത തീയ്യതിയിൽ അക്കാര്യം രേഖപ്പെടുത്തണമെന്ന നിർദ്ദേശവും പാലിക്കുന്നില്ല. കാഷ് ബുക്കിൽ ദിവസേന/മാസാന്ത/വാർഷിക ക്ലോസിങ്ങും രേഖപ്പെടുത്തുന്നില്ല. കാഷ് ബുക്കിലെ രേഖപ്പെടുത്തൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2. സെലക്ഷൻ നോട്ടീസിൽ തീയ്യതി രേഖപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കരാറുകാർക്ക് നൽകിയ ഭൂരുഭാഗം സെലക്ഷൻ നോട്ടീസിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. തീയ്യതി രേഖപ്പെടുത്താത്തത് കാരണം കരാറുകാർ നിശ്ചിത തീയ്യതിക്കകം കരാർ ഒപ്പ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. എഗ്രിമെന്റ് രജിസ്റ്ററിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ വിവരം രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ 2017-18 വരെ പൂർത്തീകരണ വിവരം രേഖപ്പെടുത്തിയിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരണ തീയ്യതി ഒഴികെ മറ്റ് പ്രസക്തമായ വിവരങ്ങളെല്ലാം രേഖപ്പെടുത്തുകയും പൂർത്തീകരണ തീയ്യതി രേഖപ്പെടുത്തേണ്ട കോളം ഒഴിച്ചിടുകയും ചെയ്തത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാതിരിക്കുന്ന കരാറുകാരിൽ നിന്ന് സർക്കാർ നിശ്ചയിച്ച പിഴ ഈടാക്കാതിരിക്കാനുള്ള ഈ നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 211പദ്ധതികൾ തയ്യാറാക്കിയതിൽ 159 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 101പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 21 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 211 | ആകെ അടങ്കൽ | 44660270 |
| തൻവർഷം ചെലവുള്ളത് | 159 | ചെലവ് | 26293250 |
| ശതമാനം | 75.36% | ചെലവ് ശതമാനം | 58.87% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം. കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ

ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

4. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ബിൽ പ്രകാരമുള്ള സാധനങ്ങൾ മുഴുവൻ വിതരണം ചെയ്തില്ല

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ "അങ്കണവാടി പോഷകാഹാര പദ്ധതി(പട്ടിക ജാതി)" (20/2020-21) എന്ന പദ്ധതി പ്രകാരം അങ്കണവാടികളിലേക്ക് പോഷകാഹാര സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വികസന ഫണ്ടിൽ നിന്നും 400,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആതവനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും സാധനങ്ങൾ പർച്ചേഴ്സ് ചെയ്ത ബിൽ നം-11/4.11.2020 പ്രകാരം വാങ്ങിയ സാധനങ്ങളിൽ, ബിൽ പ്രകാരം 3750 Kg Broken Weat ന് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിൽ 3730 Kg മാത്രമേ വിതരണ രജിസ്റ്റർ പ്രകാരം അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. (20 Kg കുറവ് ) അധികം നൽകിയ തുക 960 (20x48=960) തിരികെ ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് ICDS സൂപ്പർവൈസർക്ക് ഓഡിറ്റ് എൻക്വയറി (20/14.12.2021) നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 960 രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ആയത് ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതും ബിൽ പ്രകാരമുള്ള സാധനങ്ങൾ മുഴുവൻ വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 തെരുവ് വിളക്ക് അറ്റകുറ്റപണി -അപാകത-കരാറുകാരന് അധികം നൽകിയത് 22300 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - SO296/21

ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

അടങ്കൽ - 1,30,000

ചെലവ് - 1,30,000

ബിൽ നമ്പർ - 173/3.12.20 – 1,30,000

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള തെരുവ് വിളക്കുകളുടെ (25 Wats LED Bulb) അറ്റകുറ്റ പണികൾ ചെയ്ത് പ്രകാശിപ്പിക്കുന്നതിന് അബ്ദുൾ റഷീദ്, ഇലക്ട്രിക്കൽ കോൺട്രാക്ടർ, വളാഞ്ചേരി എന്ന കരാറുകാരന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന് ടിയാന് 1,30,000 രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരന്റെ കത്ത് (തിയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം റിപ്പയർ ചെയ്യാൻ സാധിക്കാത്ത 60 എണ്ണം തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുകയും 90 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തതായി കാണിച്ചിട്ടുണ്ട്. ആയതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

LED Street Light 60 Nos (New) – 99000

Labour Charge (90 Nos) - 31000

Total - 1,30,000

കരാറുകാരന് കരാർ നൽകിയിരിക്കുന്നത് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ ചെയ്ത് പ്രകാശിപ്പിക്കുന്നതിനാണ്. പുതിയത് സ്ഥാപിക്കുന്നതിന് കരാർ നൽകിയിട്ടില്ല. പുതിയത് വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കേണ്ടതായിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

2. വിവിധ വാർഡുകളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെയും അറ്റകുറ്റ പണികൾ നടത്തിയ തെരുവ് വിളക്കുകളുടെയും എണ്ണം വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം താഴെ പറയുന്നു.

| വാർഡ് | പുതിയത് സ്ഥാപിച്ചത് (25 W) | അറ്റകുറ്റപണി നടത്തിയത് |
|---|---|---|
| 1 | 3 | 0 |
| 2 | 4 | 3 |
| 3 | 3 | 4 |
| 4 | 3 | 4 |
| 5 | 3 | 4 |
| 6 | 3 | 4 |
| 7 | 4 | 4 |
| 8 | 3 | 1 |

| | | |
|---|---|---|
| 9 | 3 | 4 |
| 10 | 3 | 4 |
| 11 | 3 | 4 |
| 12 | 3 | 2 |
| 13 | 3 | 2 |
| 14 | 3 | 2 |
| 15 | 4 | 4 |
| 16 | 3 | 4 |
| 17 | 3 | 4 |
| ആകെ | 54 | 54 |

ഇത് പ്രകാരം കരാറുകാരന് അധികം നൽകിയ തുക

പുതിയത് സ്ഥാപിച്ചത് പ്രകാരം 6 തെരുവ് വിളക്കുകളുടെ വില അധികം നൽകി

6 (60-54) X 1650 = 9900

അറ്റകുറ്റപണി നടത്തിയത് പ്രകാരം 36 തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് ചാർജ് അധികം നൽകി

36 (90-54) X 344.44 (31000/90) = 12400

ആകെ അധികം നൽകിയത് = 22300

3. വിവിധ വാർഡുകളിൽ അറ്റകുറ്റപണി നടത്താനുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം LED ബൾബുകളായി കാണിച്ചിട്ടുള്ളത് 206 എണ്ണമാണ്. എന്നാൽ ഇത് എത്രയൊക്കെ വാട്ട്സിന്റെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. പുതിയ തെരുവ് വിളക്കുകൾ 60 എണ്ണം സ്ഥാപിച്ചതിൽ പോസ്റ്റിൽ നിലവിൽ ഉണ്ടായിരുന്ന 60 എണ്ണം ഗ്രാമ പഞ്ചായത്തിൽ കൊണ്ട് വന്ന് കേടായ തെരുവ് വിളക്കുകൾ ' രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമല്ല. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവ്).

5. 26.2.20 ന് ടെണ്ടർ ചെയ്ത പ്രവൃത്തി 22.6.20 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്. റീടെണ്ടർ ചെയ്യേണ്ടി വന്ന സാഹചര്യം വ്യക്തമല്ല.

6. പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറിൽ കരാർ നമ്പർ / തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. കേടുവന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്ന പരാതി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

8. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കാണിക്കുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ സർവീസ് വാറന്റി കാലയളവ് കാണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 4 / 7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ അധികം നൽകിയ തുക 22300 രൂപ നിരാകരിക്കുന്നു. അപാകതകളുടെ വെളിച്ചത്തിൽ ബാക്കി ചെലവു തുക 107700 രൂപ തടസ്സം ചെയ്യുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21

| വിഹിതംനൽകിയസ്ഥാപനം | ലഭിച്ചതുക | പദ്ധതിപേര്,നം | ചെലവഴിച്ചതുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 13,64,879 | പ്രൊ.നം 10, നെൽകൃഷി വികസനം | 13,64,879 | 0 |
| | 2,50,000 | പ്രൊ.നം 33 ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,50,000 | 0 |
| | 3,59,340 | പ്രൊ.നം 48 പരിരക്ഷ-പെയിൻ ആൻഡ് പാലിയേറ്റിവ് | 3,59,340 | 0 |
| | 1,22,692 | പ്രൊ.നം 14 അംഗനവാടി പോഷകാഹാര പദ്ധതി | 1,22,692 | 0 |
| | 5,00,000 | പ്രൊ.നം 55 പോക്കാട്ടുകുഴി-തിരുവേഗപ്പുറ കുഴി റോഡ് കോൺക്രീറ്റ്(എസ്സി) വാർഡ്-05 | 5,00,000 | 0 |
| | 99,100 | പ്രൊ.നം 77 പുളിക്കൽപ്പടി-വട്ടനാട്ട്പടി റോഡ് ടാറിങ് - വാർഡ് 2 | 99,100 | 0 |
| | 2,50,000 | പ്രൊ.നം 107 കോഴിശ്ശീരിക്കളം-കോട്ടപ്പുറം റോഡ് കോൺക്രീറ്റ്-വാർഡ്-16 | 2,50,000 | 0 |
| | 2,00,000 | പ്രൊ.നം 109 പാറപ്പുറം പടി - വെള്ളാപ്പുള്ളിക്കാട് പാത്ത് വേ കോൺക്രീറ്റ് - | 2,00,000 | |

| | | | | |
|---|---|---|---|---|
| | | വാർഡ് 17 | | |
| | 1,00,000 | പ്രൊ.നം 159 തിരുവേഗപ്പുറക്കുഴി റോഡ് കോൺക്രീറ്റ് വാർഡ്-05 | 1,00,000 | |
| | 2,50,000 | പ്രൊ.നം 205 ചുണ്ടമലക്കാട് വളപ്പിൽ പടി റോഡ് നവീകരണം | 2,50,000 | |
| | 49,998 | പ്രൊ.നം 344 സുഭിക്ഷ കേരളം-- വനിതകൾക്ക് പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 49,998 | |
| | 1,90,893 | പ്രൊ.നം 346 സുഭിക്ഷ കേരളം- തരിശ് നെൽകൃഷി | 1,90,893 | |
| | 2,00,000 | പ്രൊ.നം 362 ആത്തൂര്ചോല സ്രാമ്പിപടി പാത്ത് വേ കോണ്ക്രീറ്റ് | 2,00,000 | |
| ജില്ലാ പഞ്ചായത്ത് | 4,00,000 | പ്രൊ.നം 33 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 4,00,000 | 0 |
| ആകെ | 43,36,902 | | 43,36,902 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 145/21 പൈപ്പ് ലൈൻ നീട്ടൽ | 56/11.04.20 | 58296 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 58296 |
| KSEB | 208/21 സ്ട്രീറ്റ് ലൈനിനു വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | | 300000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 300000 |

| | | | | | | |
|---|---|---|---|---|---|---|
| KWA | 248/21 Puliyamkunnu Sc Colony Pipe Line Extention | 20150852010700034079 12/04/2020 | 200000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 200000 |
| ആകെ | | | 558296 | 0 | | 558296 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം. 2020-21

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ്നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ വായ്പ | 118095300001/ 04-13319 | 20,00,000<br>4,00,000<br>3,00,000 | 4686836 | 2,34,117<br>1,02,666 | | 4693268 |
| | | | 27,00,000 | | 3,36,783 | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 2(20),2(46) | 2006-07 | 2(20)-KSHR Deposit- ഭവന പദ്ധതി<br>2(46)-വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല |
| 2014-15 | 2(1),2(2).2(3).2(4),2(5) | 2016-17 | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3-16<br>3-23(2) | PK.ഖാലിദ് സെക്രട്ടറി | LF10419/ Spl.cell/SC /D1/12 /20.9.14 | 3209(3-16)<br>51134(3-23(2) | 54343 | OP No.24/2015 Dt.29.1.18 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105839017 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94442927 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2066949 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22300 | അജിത്ത് കുമാർ.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 170,000 | ഡോ. അഹമ്മദ്.പി, മെഡിക്കൽ ഓഫീസർ, പി.എച്.സി |
| 1-19 | 107700 | അജിത്ത് കുമാർ.കെ.എസ്,സെക്രട്ടറി |
| 1-20 | 196000 | അജിത്ത് കുമാർ.കെ.എസ്, സെക്രട്ടറി |
| 1-22 | 1358296 | അജിത്ത് കുമാർ.എസ്, സെക്രട്ടറി |
| 1-23 | 149953 | അജിത്ത് കുമാർ.എസ്, സെക്രട്ടറി |
| 1-25 | 85000 | അജിത്ത് കുമാർ.എസ്, സെക്രട്ടറി |
| ആകെ | 2066949 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത്ത് കുമാർ.എസ്, സെക്രട്ടറി | റിട്ടയേഡ് | കാവിത്താഴത്ത്, രാമ മംഗലം പി.ഒ., എറണാംകുളം, 686663 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽ.എഫ്.എം.7/54/80/ തിയ്യതി 21.10.92 | 9 |
| 1985-86 | എൽ.എഫ്.എം.7/1513/90/ തിയ്യതി 21.10.92 | 7 |
| 1988-91 | എൽ.എഫ്.എം.7/866/94/ തിയ്യതി 15.10.94 | 20 |
| 1991-94 | എൽ.എഫ്.എം.7/1456/95/ തിയ്യതി 21.04.95 | 30 |
| 1994-97 | എൽ.എഫ്.എം.8/32/98/ തിയ്യതി 06.04.99 | 04 |
| 1997-98 (വരവ്) | എൽ.എഫ്.എം.9/902/09 തിയ്യതി 2-6-2010 | 2 |
| 97-98 (ചെലവ്) | എൽ.എഫ്.എം9/1253/06 തീയതി 18-10-2006 | 27 |
| 98-99 ചെലവ് | എൽ.എഫ്.എം12/844/05 തിയ്യതി 23-8-06 | 34 |
| 1999-00(ചെലവ്) | എൽ.എഫ്.എം.12/ 858/ 05 തീയതി 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02(ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02(ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03(ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08, 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 15 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 10 |
| 2011-12, 2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 15 |
| 2013-14, 2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626 /2013/13-12-16 | 12 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026 /2016/13-12-16 | 22 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.13/2033/2017/6.11.17 | 19 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.13/2632/2018/28.1.19 | 2 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം;13/203/2020 തിയ്യതി 27.11.20 | 9 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.13/2165/2021 തിയ്യതി | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്